കേരള സർക്കാർ

ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്

നമ്പർ. 71/2025/ധന

തിരുവനന്തപുരം, തിയതി, 24.09.2025

സർക്കുലർ

വിഷയം:- മെഡിസെപ് - ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിവരുന്ന പ്രീമിയം തുക പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നത്-സംബ.

സൂചന:- 1. സ.ഉ.(പി)നം. 71/2022/ധന തീയതി 24.06.2022.
2. സർക്കുലർ നം. 69/2025/ധന തീയതി 10.09.2025.
3. സർക്കുലർ നം. 6/2024/ധന തീയതി 19.01.2025.
4. സർക്കുലർ നം. 14/2024/ധന തീയതി 11.03.2024
5. സ.ഉ.(പി)നം. 74/2025/ധന തീയതി 17.06.2025.
6. സർക്കുലർ നം. 64/2025/ധന തീയതി 23.06.2025.

2022 ജൂൺ മുതൽ 2025 ആഗസ്റ്റ് വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവർ/നിലവിൽ ജോലി ചെയ്യുന്നവർ, മറ്റ സർക്കാർ/പൊതുമേഖല/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ധനകാര്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവർ എന്നിവരുടെ മെഡിസെപ് പ്രീമിയം വിവരങ്ങളാണ് സൂചന (1) സർക്കുലർ പ്രകാരം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ടി സർക്കുലർ പ്രകാരം മറ്റ് വകുപ്പുകൾ/ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്ന വിവരങ്ങൾ ധനകാര്യ വകുപ്പിൽ സ്വീകരിക്കുന്നതല്ല എന്ന് വ്യക്തമാക്കുന്നു. അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ പ്രീമിയം ഈടാക്കുന്നത് സംബന്ധിച്ച് സൂചന (1) യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവരുടെ മെഡിസെപ് സംബന്ധമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതും റീകൺസിലിയേഷനും നടത്തേണ്ടതും അതാത് മാതൃ വകുപ്പുകളാണെന്ന നിർദ്ദേശം സൂചന (1) (3) (6) എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. മറ്റ് വകുപ്പുകൾ/ഓഫീസുകൾ അതാത് ഡി.ഡി.ഓ-മാർ മുഖേന സൂചന 2,3,4,5 സർക്കുലർ/ഉത്തരവുകൾ പ്രകാരം മെഡിസെപ് പോർട്ടലിൽ ആവശ്യമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

പ്രീതി ജി തോമസ്
അണ്ടർ സെക്രട്ടറി & ഡി ഡി ഒ

പകർപ്പ്

ധനകാര്യ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും സെക്ഷനുകൾക്കും

നോഡൽ ഓഫീസർ /www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ ഓഫീസ് കോപ്പി (3250603/അക്കൗണ്ട്സ്-എ 2/22/2025/ധന)

നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

Pavathy

സെക്ഷൻ ഓഫീസർ.